## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3204* *14.03.2018 ലെ മറുപടിക്ക്*

### നോർക്കയുടെ പ്രവർത്തനങ്ങളും പ്രവാസി പെൻഷനും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.എ. പ്രദീപ് കുമാർ<br>പ്രൊഫ.കെ.യു. അരുണൻ | പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) നോർക്കയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ ; | (എ) നോർക്കയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥന്മാരുടെ യോഗം സർക്കാർതലത്തിൽ ചേർന്ന് പ്രവർത്തനങ്ങളെയും പദ്ധതികളെയും കുറിച്ച് അവലോകനം ചെയ്യാറുണ്ട്. |
| (ബി) നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനും വിദേശ തൊഴിലുടമകളുമായി സഹകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) നോർക്കയുടെ റിക്രൂട്ട്മെന്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു ജോബ് പോർട്ടൽ (www.jobsnorka.gov.in) നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ കൂടുതൽ വികസിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനും കെൽട്രോണുമായി നിലവിൽ ഉള്ള കരാർ പ്രകാരം കാലാകാലങ്ങളിൽ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ നോർക്ക റൂട്ട്സുമായി ബന്ധമുള്ള തൊഴിലുടമകളുമായി ചേർന്ന് പ്രവർത്തിക്കുന്നതോടൊപ്പം പുതിയ തൊഴിൽ ദാതാക്കളെ കണ്ടെത്തി അവരുമായി സഹകരിച്ചും വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് നടത്തി വരുന്നു. ഇതിനു പുറമെ കൂടുതൽ തൊഴിൽ ദാതാക്കളെ കണ്ടെത്തുന്നതിലേക്കായി റിക്രൂട്ട്മെന്റ് കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് നോർക്ക റൂട്ട്സ് ബോർഡ് തീരുമാനിച്ചത് പ്രകാരം പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | നോർക്ക വെൽഫയർ ഫണ്ടിൽ നിന്ന് എത്ര രൂപയാണ് പ്രവാസികൾക്ക് പെൻഷൻ അനുവദിക്കുന്നത് ; | (സി) | കേരള പ്രവാസി കേരളീയ ക്ഷേമബോർഡിൽ നിന്നും നിലവിൽ പ്രതിമാസം 2000/- രൂപ നിരക്കിൽ പ്രവാസി പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പ്രവാസിക്ഷേമ പെൻഷന് പുറമെ പെൻഷൻ ഫണ്ടിലേക്കുള്ള പ്രത്യേക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉയർന്ന പെൻഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) | പ്രത്യേക നിക്ഷേപത്തിന് ആനുപാതികമായി കൂടുതൽ പെൻഷൻ നല്കുന്ന ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**